# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3481 — 21.12.2012-ൽ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി

**ചോദ്യം**

ശ്രീ.കോടിയേരി ബാലകൃഷ്ണൻ
ശ്രീ.കെ.വി.വിജയദാസ്
ശ്രീ.എളമരം കരീം
ശ്രീ.സി.കൃഷ്ണൻ

എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിനായി 2012-13 സാമ്പത്തിക വർഷം എത്ര ഗഡുക്കളായി എന്ത് തുക എന്നൊക്കെ കൈമാറിയെന്ന് വ്യക്തമാക്കുമോ ;

ബി) പദ്ധതി രൂപീകരണ പ്രക്രിയ സമയബന്ധിതമായി പൂർത്തീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കാതിരു

**ഉത്തരം**

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിനായി 2012-13 സാമ്പത്തിക വർഷം 9 ഗഡുക്കളായി അവയുടെ പബ്ലിക് അക്കൗണ്ടിലേക്ക് കൈമാറിയ തുകയും തീയതിയും ചുവടെ ചേർക്കുന്നു.

| തുക | തീയതി |
|---|---|
| 209,00,50,100 | 21.05.2012 |
| 207,50,50,100 | 05.06.2012 |
| 207,50,50,100 | 28.06.2012 |
| 207,50,50,100 | 25.07.2012 |
| 207,50,50,100 | 24.08.2012 |
| 207,50,50,100 | 25.09.2012 |
| 207,50,50,100 | 30.10.2012 |
| 207,50,50,100 | 19.11.2012 |
| 207,50,50,100 | 14.12.2012 |

ബി) പ്രോജക്ടുകൾ ഐ.കെ.എം. വികസിപ്പിച്ച സുലേഖ സോഫ്റ്റ് വെയറിലൂടെ ഓൺലൈൻ എൻട്രി നടത്തി ഓൺലൈനായി തന്നെ

| | |
|---|---|
| ന്നിട്ടുണ്ടോ ; ഈ കാര്യം പരിശോധിച്ചിട്ടുണ്ടോ ; | അംഗീകാരം ലഭ്യമാക്കുന്ന സംവിധാനമാണ് 12-ാം പഞ്ചവൽസര പദ്ധതിക്കായി നിശ്ചയിച്ചിരിക്കുന്നത്. പുതിയ സമ്പ്രദായമായതിനാൽ ആസൂത്രണ പ്രക്രിയ പൂർത്തിയാകാൻ ചെറിയ കാലതാമസം നേരിട്ടിട്ടുണ്ട്. എന്നിരുന്നാലും അംഗീകാരം ലഭ്യമാക്കേണ്ട അവസാന ദിവസമായി നൽകിയിരിക്കുന്ന തീയതിക്കുള്ളിൽ എല്ലാ പ്രോജക്ടുകളുടെയും അംഗീകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേടുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി) പദ്ധതി രൂപീകരണം സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ അനുവദിച്ച് കിട്ടിയ തുക പഞ്ചായത്തുകൾക്ക് ചെലവഴിക്കാൻ സാധിക്കാത്ത അവസ്ഥാ വിശേഷം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഇതിന് നടത്തിയ ഇടപെടലുകൾ എന്തെന്ന് വ്യക്തമാക്കുമോ ? | സി) ഗ്രാമ പഞ്ചായത്തുകളിൽ ആസൂത്രണ പ്രക്രിയ പൂർത്തിയാകാത്തതിനാൽ സ്പിൽ ഓവർ പ്രോജക്ടുകളുടേയും അനിവാര്യമായി തുക വിനിയോഗിക്കേണ്ട പ്രോജക്ടുകളുടെയും ചെലവാണ് ഉണ്ടായിട്ടുള്ളത്. നടപ്പ് വർഷം പ്രോജക്ടുകളുടെ അംഗീകാരം കിട്ടിയാലുടൻ തന്നെ നിർവ്വഹണം നടത്താൻ തക്കവിധ അംഗീകാര വിവരങ്ങൾ രേഖപ്പെടുത്താതെ തന്നെ ട്രഷറികളിൽ നിന്നും ബില്ല് മാറുന്നതിനുള്ള അനുമതി ഉൾപ്പെടെ പ്രക്രിയ ലഘൂകരിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ